പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1500 — 13.07.2011-ൽ മറുപടിയ്ക്ക്

## ആർ. ജി. ജി. വി. വൈ നടപ്പിലാക്കുന്ന ജില്ലകൾ.

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആർ. ജി. ജി. വി. വൈ. ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത് ; പദ്ധതി പ്രകാരം തീരുമാനിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടോ ; | (എ) ആർ.ജി.ജി.വി.വൈ പദ്ധതി ആദ്യഘട്ടത്തിൽ ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. പ്രസ്തുത ജില്ലയിൽ രണ്ടു വില്ലേജുകളിലെ കുറച്ചു പ്രവൃത്തികൾ, ഫോറസ്റ്റ് ക്ലിയറൻസ് ലഭ്യമാകാത്തതിനാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. 16097 ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ വീട് വൈദ്യുതീകരിക്കുന്നതിനുള്ള അനുമതിയാണ് നല്കിയതെങ്കിലും 17238 വീടുകൾ ഈ പദ്ധതി പ്രകാരം വൈദ്യുതീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് പുതുതായി ആർ. ജി. ജി. വി. വൈ പദ്ധതി നടപ്പിലാക്കുന്നത് ; ഇതിനായി എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് ; | (ബി) പുതുതായി വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി 114.57 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്. |
| (സി) പുതിയ പദ്ധതിയുടെ നടപടികൾക്കൊപ്പം മുൻപ് ആർ. ജി. ജി. വി. വൈയിൽ ഉൾപ്പെടുത്തിയതും എന്നാൽ പൂർത്തിയാക്കാൻ കഴിയാത്തതുമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇടുക്കി ജില്ലയിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതായ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി 2-ാം ഘട്ടം പദ്ധതിയുടെ കരട് ആർ.ഇ.സിയ്ക്ക് അനുമതിയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കയാണ്. |

സെക്ഷൻ ഓഫീസർ.